Government of India
Ministry of Micro, Small and Medium Enterprises (MSME)
Office of Development Commissioner (MSME)
MSME-Development & Facilitation Office, Thrissur

## ZERO DEFECT ZERO EFFECT (ZED) CERTIFICATION SCHEME

**ലക്ഷ്യം: -** MSME കളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുകയും പരിസ്ഥിതിയിൽ ഏറ്റവും കുറഞ്ഞ സ്വാധീനം ചെലുത്തിക്കൊണ്ട് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി MSME-കളെ പ്രോത്സാഹിപ്പിക്കുകയും പ്രാപ്തമാക്കുകയും ചെയ്യുക.

**യോഗ്യത:** ഉദ്യം രജിസ്ട്രേഷനുള്ള എല്ലാ നിർമ്മാണ MSME-കളും

**ZED CERTIFICATION ന്റെ പ്രയോജനങ്ങൾ**

- ഇന്ത്യയിൽ നിക്ഷേപം തേടുന്ന അന്താരാഷ്ട്ര ഉപഭോക്താക്കൾക്ക് വ്യവസായത്തിന്റെ വിശ്വസനീയമായ അംഗീകാരം
- കാര്യക്ഷമമായ പ്രവർത്തനങ്ങളും കുറഞ്ഞ ചെലവുകളും
- മികച്ച നിലവാരം, കുറഞ്ഞ തിരസ്കരണം, ഉയർന്ന വരുമാനം
- പാരിസ്ഥിതികവും സാമൂഹികവുമായ അവബോധം സൃഷ്ടിക്കൽ
- ഉൽപ്പാദനവും തൊഴിലവസരങ്ങളും വർധിപ്പിക്കൽ
- സംസ്ഥാന, കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ

### സർട്ടിഫിക്കേഷൻ ലെവൽ

zed.msme.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ZED പ്രതിജ്ഞ എടുത്തതിന് ശേഷം മൂന്ന് ലെവലുകൾ:
- സർട്ടിഫിക്കേഷൻ ലെവൽ 1: BRONZE
- സർട്ടിഫിക്കേഷൻ ലെവൽ 2:SILVER
- സർട്ടിഫിക്കേഷൻ ലെവൽ 3: GOLD

### സെർറ്റിഫിക്കേഷൻ ഫീസ് :

Bronze: Rs.10000/-
Silver: Rs.40,000/-
Gold: Rs.90,000/-

**സെർറ്റിഫിക്കേഷൻ കാലാവധി:** 3 years

## സർട്ടിഫിക്കേഷനുള്ള സാമ്പത്തിക സഹായം

### a) ***<u>സർട്ടിഫിക്കേഷനിൽ സബ്സിഡി</u>***

- ✓ ആദ്യം രജിസ്റ്റർ ചെയ്യുന്ന ഏതാനും യൂണിറ്റുകൾക്ക് 10,000/- രൂപയുടെ ഡിസ്കൗണ്ട് കൂപ്പൺ ലഭ്യമാണ് (ഉപയോഗിച്ചാൽ വെങ്കലം സൗജന്യമാകും- (നിബന്ധനകളും വ്യവസ്ഥകളും ബാധകം)

- ✓ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് 80-60-50% സെർറ്റിഫിക്കേഷൻ ഫീസിൽ ഇളവ് (അതായതു സൂക്ഷ്മ, ചെറുകിട ഇടത്തര സ്ഥാപനങ്ങൾ 20%, 40%, 50% ഫീസ് അടച്ചാൽ മതിയാകും )

- ✓ സ്ത്രീകൾ/എസ്സി/എസ്ടി ഉടമസ്ഥതയിലുള്ള MSME കൾക്ക് 10% അധിക സബ്സിഡി (അതായതു ഒരു മൈക്രോ സ്ത്രീ സംരംഭക ഫീസിന്റെ 10 % അടച്ചാൽ മതിയാകും)

- ✓ മന്ത്രാലയത്തിന്റെ SFURTI അല്ലെങ്കിൽ MSE- CDP യുടെ ഭാഗമായ MSME-കൾക്ക് അധിക 5% സബ്സിഡി

### b) ***<u>ടെസ്റ്റിംഗ്/ഗുണനിലവാരം/ഉൽപ്പന്ന സർട്ടിഫിക്കേഷനിൽ സാമ്പത്തിക സഹായം</u>***

- ✓ ടെസ്റ്റിംഗ്/ക്വാളിറ്റി സിസ്റ്റങ്ങൾ/ഉൽപ്പന്ന സർട്ടിഫിക്കേഷൻ എന്നിവയുടെ മൊത്തം ചെലവിന്റെ 75% വരെ, സബ്സിഡിയുടെ പരമാവധി പരിധി രൂപ. 50,000/- (NABCB അംഗീകൃത ഏജൻസികളിൽ നിന്നും ISO/ISI certification, NABL ലാബുകളിൽ ഉത്പന്നം ടെസ്റ്റ് ചെയ്യുമ്പോൾ & BIS ഇൽ നിന്നും പ്രോഡക്റ്റ് സെർറ്റിഫിക്കേഷൻ എടുക്കുമ്പോൾ ഈ സബ്സിഡി (ഒരു പ്രാവശ്യം മാത്രം) ലഭ്യമാണ്.

### ***<u>സി) ഹാൻഡ്‌ഹോൾഡിംഗ് സപ്പോർട്ട്</u>***

- ✓ എല്ലാ ZED സർട്ടിഫൈഡ് MSME-കൾക്കും കൺസൾട്ടൻസിക്ക് 2 ലക്ഷം രൂപ വരെ

### ***<u>ഡി) സീറോ ഇഫക്റ്റ് സൊല്യൂഷനുകൾക്കുള്ള ടെക്നോളജി അപ് ഗ്രേഡേഷനിൽ സബ്സിഡി</u>***

- ✓ എല്ലാ ZED സർട്ടിഫൈഡ് MSME-കൾക്കും 3 ലക്ഷം രൂപ വരെ സീറോ ഇഫക്റ്റ് സൊല്യൂഷനുകൾ സ്വീകരിക്കുന്നതിന് (അംഗീകൃത കൺസൾട്ടന്റ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്തരം ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി ലഭ്യമാണ് )

**മറ്റ് പ്രോത്സാഹനങ്ങൾ**

M/o MSME, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ യുടെ ഇന്ററർനാഷണൽ കോഓപ്പറേഷൻ (IC) സ്കീമിൽ

- സ്റ്റാൾ ചാർജുകൾ പരമാവധി 3.50 ലക്ഷം രൂപ വരെ അല്ലെങ്കിൽ യഥാർത്ഥ വാടക – Bronze ZED Certificate
- സ്റ്റാൾ ചാർജുകൾ പരമാവധി 4.0 ലക്ഷം രൂപ വരെ അല്ലെങ്കിൽ യഥാർത്ഥ വാടക – Silver or Gold ZED Certificate
- ഇക്കണോമി ക്ലാസ് വിമാന നിരക്ക് പരമാവധി 1.75 ലക്ഷം അല്ലെങ്കിൽ യഥാർത്ഥ നിരക്ക്- Bronze ZED Certificate
- ഇക്കണോമി ക്ലാസ് വിമാന നിരക്ക് പരമാവധി 2.0 ലക്ഷം അല്ലെങ്കിൽ യഥാർത്ഥ നിരക്ക്- Silver ZED Certificate
- ഇക്കണോമി ക്ലാസ് വിമാന നിരക്ക് പരമാവധി 2.25 ലക്ഷം അല്ലെങ്കിൽ യഥാർത്ഥ നിരക്ക്- Gold ZED Certificate
- ചരക്ക് ചാർജുകൾ- 50,000/- + 10,000/- രൂപ ഒരു MSME യൂണിറ്റിന്- Bronze ZED Certificate
- ചരക്ക് ചാർജുകൾ Existing + Rs. 15,000/- - Silver ZED Certificate
- ചരക്ക് ചാർജുകൾ Existing + Rs. 25,000/- Gold ZED Certificate

**ഐസിഐസിഐ ബാങ്കിലെ പ്രോസസ്സിംഗ് ഫീസിൽ ഇളവ്**: ZED സർട്ടിഫിക്കറ്റ് സമർപ്പിച്ചതിന് ശേഷം MSME ക്ലയന്റുകൾക്ക് പ്രോസസ്സിംഗ് ഫീസിൽ 25% ഇളവ് നൽകുന്നു.

**ESAF ബാങ്കിലെ പ്രോസസ്സിംഗ് ഫീയിലും പലിശ നിരക്കിലും കുറവ്**: ZED സർട്ടിഫൈഡ് യൂണിറ്റുകളിൽ നിന്നുള്ള എല്ലാ ലോൺ പ്രൊപ്പോസലുകൾക്കും പ്രോസസ്സിംഗ് ഫീസിൽ 50% കുറവ് & ZED സർട്ടിഫൈഡ് യൂണിറ്റുകൾക്ക് സ്റ്റാൻഡേർഡ് പലിശ നിരക്കിൽ നിന്ന് 1% കുറവ്

**പ്രോസസ്സിംഗ് ചാർജുകൾ (വർക്കിംഗ് ക്യാപിറ്റൽ) / മുൻകൂർ ഫീസ് (ടേം ലോൺ) & സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പലിശ നിരക്ക്**:
പ്രോസസ്സിംഗ് ചാർജുകളിൽ 5% ഇളവ്/മുൻകൂർ ഫീസിൽ 5 ബിപിഎസ് പലിശ ഇളവ്- Bronze Certification
15% ഇളവ്/മുൻകൂർ ഫീസ് 15 ബിപിഎസ് പലിശ ഇളവ്-Silver Certification
25% ഇളവ്/മുൻകൂർ ഫീസ് 25 ബിപിഎസ് പലിശ ഇളവ്-Gold Certification

**സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രോസസിംഗ് ഫീസിൽ ഇളവും പലിശ നിരക്കും** - പ്രോസസ്സിംഗ് ഫീസിൽ 50 ബിപിഎസ് ഇളവ്
റെയിൽവേ മന്ത്രാലയത്തിന്റെ പാഴ്സലുകൾക്കുള്ള ചരക്ക് നിരക്കിൽ കിഴിവ് പദ്ധതികൾ പുരോഗമിക്കുന്നു

**ZED CERTIFICATION എടുക്കുന്ന രീതി**

ZED MSME എന്ന മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേയ് സ്റ്റോറിൽ നിന്ന് ഡൌൺലോഡ് ചെയ്യുക

↓

രജിസ്റ്റർ നൗ ഇൽ ക്ലിക്ക് ചെയ്യുക PROCEED ബട്ടൺ അമർത്തുക

ഉദ്യം രജിസ്ട്രേഷൻ നമ്പരും ബന്ധപ്പെട്ട മൊബൈൽ നമ്പരും കൊടുക്കുക

↓

ഒന്നിൽ അധികം യൂണിറ്റ് ഉള്ളവർ ZED രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്ലാന്റ് ലൊക്കേഷൻ സെലക്ട് ചെയ്യുക

↓

ഇമെയിൽ ID നൽകുക

ZED പ്രതിജ്ഞ എടുക്കുക

↓

ZED ഐഡിയും പാസ്‌വേഡും ZED പ്ലെഡ്ജ് സർട്ടിഫിക്കറ്റും ZED രെജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്ടെ ഭാഗമായി നൽകിയിരിക്കുന്ന ഇമെയിൽ ഐഡിയിൽ ലഭിക്കുന്നതായിക്കും

↓

ലഭിച്ച ZED ഐഡിയും പാസ്വേഡും ഉപയോഗിച്ച് ZED ആപ്പ് ഇൽ വീണ്ടും ലോഗിൻ ചെയ്യുക

↓

ആവശ്യമുള്ള ZED സെർറ്റിഫിക്കേഷൻ ലെവെലിനായി അപേക്ഷിക്കുക

വിവിധ സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച മറ്റ് ആനുകൂല്യങ്ങൾ. ZED സർട്ടിഫിക്കേഷൻ സ്കീമിന്റെ വിശദാംശങ്ങൾ, ബ്രോഷറുകൾ, ആനുകൂല്യങ്ങൾ, ZED സർട്ടിഫിക്കേഷന് ആവശ്യമായ രേഖകൾ എന്നിവ അറിയാനായി zed.msme.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

(G.S.PRAKASH IEDS)
Joint Director & Head
Tel:0487-2360536, 2360686